# മൃഗങ്ങളെ സംബന്ധിക്കുന്ന നിയമങ്ങൾ നിയമപാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.

മൃഗങ്ങളെയും മൃഗക്ഷേമവും സംബന്ധിച്ച നിയമങ്ങൾ നിയമപാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ ലീഗൽ എഡ്യൂക്കേഷൻ കമ്മിറ്റി ശുപാർശ ചെയ്തു. രാജ്യത്തെ ജീവജാലങ്ങളെയും വന്യ ജീവികളെയും സംരക്ഷിക്കുന്നതിനുള്ള പരിസ്ഥിതി നിയമങ്ങളും നിർബന്ധിത വിഷയമാക്കി പഠിപ്പിക്കുന്നതിന് നിർദ്ദേശമുണ്ട്. ഇതു സംബന്ധിച്ച വിവരങ്ങൾ ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അദ്ധ്യക്ഷൻ ശ്രീ. ഡി. വി. സുബ്ബറാവു കേന്ദ്ര സാമൂഹിക നീതി സമുദ്ധാരണ മന്ത്രാലയത്തിനു കൈമാറി.

പുതിയ നിർദ്ദേശങ്ങൾ പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നതിനായി രാജ്യത്തെ എല്ലാ സർവ്വ കലാശാലകളിലേക്കും അയച്ചു കൊടുത്തിട്ടുണ്ട്. ചില സർവ്വകലാശാലകൾ ഇതിനകം തന്നെ നിർദ്ദേശങ്ങൾ തങ്ങളുടെ പാഠ്യപദ്ധതിയിലുൾപ്പെടുത്തി. ചിലയിടങ്ങളിൽ ഇതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പരിസ്ഥിതിയും മൃഗസംരക്ഷണവും സംബന്ധിച്ചുള്ള അവബോധം വ്യാപകമാകുന്നതിന് പുതിയ ശ്രമങ്ങൾ ഉപകരിക്കും എന്നാണ് പ്രതീക്ഷ.

**വിവാഹ സാധ്യമായ സൗഹൃദം അന്വേഷിക്കുന്നു.**

സ്വന്തം/പങ്കാളിത്തമുള്ള പ്രസിദ്ധീകരണസ്ഥാപനത്തിൽ ജോലിയിലേർപ്പെട്ടിരിക്കുന്ന, തൃശ്ശൂർജില്ലക്കാരൻ, 27 വയസ്സ് ജാതി-മത പരിഗണനകളില്ലാതെ സ്ത്രീ സുഹൃത്തുക്കളിൽനിന്ന് വിവാഹസാധ്യമായ സൗഹൃദം അന്വേഷിക്കുന്നു. കത്തിടപാടുകൾക്കുള്ള വിലാസം

ബോക്സ് നമ്പർ-13, കേരളീയം,

തൃശ്ശൂർ-1.